LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ക്ഷണിച്ചിട്ടില്ല. കേരളത്തിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറിയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ 4 കമ്പനിയുടെ കോക്ലിയാർ ഇംപ്ലാന്റിന്റെ സാങ്കേതികമായ സ്വീകാര്യത, ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായവും മേൽനോട്ടവും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശിപാർശ ചെയ്യുവാൻ 22-10-2011-ലെ സ.ഉ.(ആർറ്റി.)നമ്പർ 3713/2011/ആ.കു.വ. പ്രകാരം ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ദ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back-ഉം വിലയിരുത്തിയതിനുശേഷം കമ്മിറ്റി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്ന് ശിപാർശ ചെയ്തതു പ്രകാരം മേൽ കമ്പനികളിൽ നിന്നും സർക്കാർ അനുമതി നൽകിയിട്ടുള്ളതു പ്രകാരമാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുന്നത്.

രാമന്തളിയിൽ പുതിയ അംഗൻവാടി

382 (1826) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ പ്രോജക്ടിനു കീഴിൽ രാമന്തളി പഞ്ചായത്തിൽ പുതുതായി അംഗൻവാടി അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് അംഗൻവാടി അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. രാമന്തളി പഞ്ചായത്തിൽ പയ്യന്നൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിൽ തുരുത്തുമ്മൽ പട്ടികജാതി കോളനിയിൽ പുതുതായി അംഗൻവാടി അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ 'Anganwadi on demand' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.